ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്
**ആറ്റുകാൽ, തിരുവനന്തപുരം-9**

നമ്പർ.ഇ3/108/2023/എബിറ്റിറ്റി/ 214 തീയതി : 11.01.2023

## റീ ടെണ്ടർ പരസ്യം

## കമ്പ്യൂട്ടർ-പ്രീ-പ്രിന്റഡ് ഫാം

ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിൽ 1-4-2023 മുതൽ 31-3-2024 വരെ ബില്ലിംഗിന് ആവശ്യമായ പ്രീ-പ്രിന്റഡ് ഫാം സപ്ലെ ചെയ്യുന്നതിനുള്ള അവകാശത്തിന് മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡറുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫാറത്തിൽ പൂരിപ്പിച്ച് 25.01.2023 വൈകുന്നേരം 3.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും, അന്നേ ദിവസം വൈകുന്നേരം 3.05ന് സന്നിഹിതരായിരിക്കുന്ന ടെൻഡറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.

**ടെൻഡർ നിബന്ധനകൾ**

1. നിരതദ്രവ്യതുകയായ 5,000 രൂപയ്ക്ക് (അയ്യായിരം രൂപ മാത്രം) ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് വാങ്ങി ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്. ടെൻഡറിനോടൊപ്പം ചേർത്തിരിക്കുന്ന ടെൻഡർ അപേക്ഷാ ഫോറം പൂരിപ്പിച്ച് ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്.

2. ക്ഷേത്രത്തിലേക്കാവശ്യമായ പ്രീ-പ്രിന്റഡ് ഫോം സൈസ്
   1. 6x12x1 80 ജി.എസ്.എം. മൾട്ടി കളർ (ഉദ്ദേശം 6,00,000 ഷീറ്റ്) 4 എച്ച്.പി. ബാക്ക് സൈഡ് പ്രിന്റിംഗ് നമ്പർ ഉൾപ്പെടെ
   2. 6x12x2 part 4 HP 1st Part 80 ജി.എസ്.എം. മൾട്ടി കളർ with back side printing, 2nd Part 70 ജി.എസ്.എം - blank forms with numbering (ഉദ്ദേശം 6,00,000 ഷീറ്റ്)
   3. 9x12x1 80 ജി.എസ്.എം. മൾട്ടി കളർ (ഉദ്ദേശം 6,00,000 ഷീറ്റ്) 4" HP, 6"VP Back side printing with numbering
   4. 10x12x1 80 pre printed forms (Statement paper)

   ഒരു ഷീറ്റിൽ 3 രസീതുകൾ ഉള്ള 1000 ഷീറ്റിന്റെ തുക നികുതികൾ ഉൾപ്പെടെ രണ്ടു സൈസിലുള്ള രസീതിന്റെ തുക ടെൻഡറിൽ രേഖപ്പെടുത്തേണ്ടതാണ്. ട്രസ്റ്റിൽ നിന്നും നിർദ്ദേശിക്കുന്ന സമയങ്ങളിൽ ട്രസ്റ്റ് ഓഫീസിൽ ആവശ്യാനുസരണം സപ്ലൈ ചെയ്യേണ്ടതാണ്. മേൽപ്പറഞ്ഞ പ്രീ-പ്രിന്റഡ് ഫോമിന്റെ ഗുണനിലവാരം രേഖപ്പെടുത്തുന്ന ഒരു സാമ്പിൾ ടെൻഡറിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

3. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി നിശ്ചിതവ്യവസ്ഥകൾ ഉൾപ്പെടുത്തി സെക്യൂരിറ്റി തുകയായ 10,000 രൂപ(പതിനായിരം രൂപ മാത്രം) ഒടുക്കി 200/-രൂപയുടെ മുദ്രപത്രത്തിൽ രണ്ടു ഫോട്ടോ സഹിതം നിശ്ചിത കരാർ ഒപ്പിട്ട് ട്രസ്റ്റ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
4. ടെൻഡർ കാലയളവിൽ സപ്ലെ ചെയ്യുന്ന പ്രീ-പ്രിന്റഡ് ഫാമിന്റെ ഗുണനിലവാരം കുറഞ്ഞതായി കാണുന്നപക്ഷം പ്രസ്തുത ഫോമുകൾ നിരസിക്കുന്നതാണ്. പകരം നിശ്ചിത ഗുണനിലവാരത്തിലുള്ള ഫോമുകൾ സപ്ലൈ ചെയ്യാൻ ടെൻഡറുകാരൻ ബാദ്ധ്യസ്ഥനാണ്.
5. കരാർ ലംഘനം നടത്തുന്നതായി കാണുന്നപക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദുചെയ്യുന്നതുൾപ്പെടെ മേൽനടപടികൾ സ്വീകരിക്കുന്നതിന് ട്രസ്റ്റ് സെക്രട്ടറിക്ക് പൂർണ്ണ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.
6. ടെൻഡർ കാരണം പറയാതെ നിരസിക്കുന്നതിനും, ടെൻഡർ സമയത്തിൽ മാറ്റം വരുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.
7. ടെൻഡർ സംബന്ധിച്ചുള്ള എല്ലാ പൊതുനിയമങ്ങളും, ട്രസ്റ്റ് നിയമങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

ടെൻഡറുകാരന്റെ പേരും ഒപ്പും

സെക്രട്ടറി
ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്

സ്ഥലം :
തീയതി :